# പതിനഞ്ചാം കേരള നിയമസഭ

## എട്ടാം സമ്മേളനം

2023 മാർച്ച് 6, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

| |
|---|
| **മറുപടി നൽകുന്ന മന്ത്രിമാർ** |
| **ധനകാര്യ വകുപ്പ് മന്ത്രി** |
| **നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി** |
| **വൈദ്യുതി വകുപ്പ് മന്ത്രി** |
| **സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി** |

**<u>സംരംഭക വർഷം പദ്ധതി</u>**

*331 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതി പ്രതീക്ഷിത ലക്ഷ്യത്തിലും ഏറെ നേട്ടം കൈവരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയെക്കുറിച്ച് ചില കേന്ദ്രങ്ങൾ നടത്തുന്ന ദുഷ്പ്രചാരണം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വ്യവസായ വികസനം അസാധ്യമാക്കാൻ ചില നിക്ഷിപ്ത താത്പര്യക്കാർ നിക്ഷേപകരെ പിന്തിരിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കണോമിക് റിവ്യൂ പ്രകാരം വ്യവസായ മേഖലയിലും ഉല്പന്ന നിർമ്മാണ മേഖലയിലും സംസ്ഥാനം കൈവരിച്ച വളർച്ചാ നിരക്ക് എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) അൻപത് കോടിയലധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ ഏഴ് ദിവസത്തിനകം അനുമതി നൽകുമെന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച നിക്ഷേപ വാഗ്ദാനത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

**കശുവണ്ടി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

*332 **ഡോ സുജിത് വിജയൻപിള്ള**
**ശ്രീ എം നൗഷാദ്**
**ശ്രീമതി യു പ്രതിഭ**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ ബഹുഭൂരിപക്ഷവും പ്രവർത്തനരഹിതമാണെന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) മൂന്ന് ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ താല്പര്യം പരിഗണിച്ച് കശുവണ്ടി വ്യവസായ രംഗം നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദേശിക്കാൻ രൂപീകരിച്ച സമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിന് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്ത് ആവശ്യത്തിന് ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡിന് കഴിയുന്നുണ്ടോ; കാഷ്യൂ ബോർഡിന്റെ സാമ്പത്തിക ക്ഷമത ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**വ്യവസായ വികസനത്തിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ പ്രാധാന്യം**

*333 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയുടെ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കാനാകും എന്നത് പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിൽ ഇത്തരം സംരംഭങ്ങളുടെ പ്രാധാന്യം വിലയിരുത്തി ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭക ഹെൽപ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കും വനിതകൾക്കും കൂടുതൽ പ്രാധാന്യം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കിഫ്ബി മുഖേനയുള്ള വൻകിട വികസന പദ്ധതികൾ**

*334 **ശ്രീ. പി. ടി. എ. റഹീം**

**ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ വി ജോയി**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയ്ക്ക് വേണ്ടത്ര പണം വകയിരുത്തിയിട്ടില്ലെന്ന് കിഫ്ബിയെ വിമർശിച്ചവർ തന്നെ ആക്ഷേപം ഉന്നയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കിഫ്ബിയ്ക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയെത്രയെന്ന് അറിയിക്കാമോ;

(ബി) തിരുവനന്തപുരം വികസന ഇടനാഴി, കൊച്ചി–ബംഗളൂരു വ്യവസായ ഇടനാഴി, വ്യവസായ പാർക്കുകൾ എന്നിവ ഉൾപ്പെടെ കിഫ്ബി മുഖേനയുള്ള വൻകിട വികസന പദ്ധതികൾ സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പണം ലിവറേജ് ചെയ്ത് പല മടങ്ങ് മൂലധന നിക്ഷേപം ഉറപ്പ് വരുത്തുകയെന്ന ബദൽ വികസന മാർഗമെന്ന നിലയിലുള്ള കിഫ്ബിയുടെ പ്രാധാന്യം വിശദമാക്കാമോ?

## സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ

*335 **ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ കെ ആൻസലൻ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടന പ്രകാരം സംസ്ഥാന പട്ടികയിൽ വരുന്ന സഹകരണ മേഖലയിൽ സഹകരണ പ്രസ്ഥാനത്തെ ദുർബലപ്പെടുത്തുന്ന തരത്തിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും ക്ഷീര, മത്സ്യ സഹകരണ സംഘങ്ങളും ആരംഭിക്കുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കാര്യം പരിശോധിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിലപാടിനെതിരെ നിയമ നടപടികൾ ഉൾപ്പെടെ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ?

## പൊതുമേഖലാ സ്ഥാപനങ്ങളെ സ്വയംപര്യാപ്തമാക്കാൻ നടപടി

*336 **ശ്രീ. പി.പി. സുമോദ്**
**ശ്രീ. എം. എം. മണി**
**ശ്രീ. എം.വിജിൻ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിലെത്തുമ്പോൾ നൂറ്റി മുപ്പത്തിരണ്ട് കോടി രൂപ നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി

ഈ വർഷം മുന്നൂറ്റി എൺപത്തിയാറ് കോടി രൂപ ലാഭം നേടാനായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും ഉല്പന്നങ്ങളുടെ കമ്പോളം വിലയിരുത്തി ഉല്പാദന വർദ്ധനവിനോ വൈവിധ്യവൽക്കരണത്തിനോ പദ്ധതി തയ്യാറാക്കി വരുന്നുണ്ടോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ അതിജീവന സാധ്യത ഉറപ്പാക്കി ബജറ്റിതര ധനസഹായം നേടി സ്വയംപര്യാപ്തമാക്കാൻ പരിപാടിയുണ്ടോ; ഇതിനായി മാനേജ്മെന്റ് തലത്തിൽ ഉചിതമായ നവീകരണം ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## ധനദൃഢീകരണത്തിന് സ്വീകരിച്ച നടപടികൾ

*337 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ ഐ ബി സതീഷ്**
**ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രനയങ്ങളും നടപടികളും സംസ്ഥാനത്തിന് തിരിച്ചടിയായിട്ടും കരുതലും വികസനവും എന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം ഭംഗമില്ലാതെ കൊണ്ടുപോകുന്നതിനും ധനദൃഢീകരണത്തിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മൂലധന ചെലവിനോടൊപ്പം വികസന ചെലവുകളും ക്ഷേമ പദ്ധതികളും സംസ്ഥാനത്തിന് ദേശീയ ശരാശരിയെക്കാളും ഉയർന്ന സാമ്പത്തിക വളർച്ച കൈവരിക്കുന്നതിന് എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) നടപ്പ് സാമ്പത്തികവർഷം വിവിധ ക്ഷേമ പെൻഷനുകൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും 2015-16 വർഷം ഈ ഇനങ്ങൾക്കായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും അറിയിക്കാമോ?

## നികുതി കുടിശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ

*338 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ നികുതി ഇനത്തിൽ 21797.86 കോടി രൂപ പിരിച്ചെടുക്കാനുള്ളതായി സി. ആൻഡ് എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കുടിശിക പിരിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സി. ആൻഡ് എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രസ്തുത കുടിശിക

അടിയന്തരമായി പിരിച്ചെടുക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

**വായ്പാ കുടിശിക അടയ്ക്കാൻ സാവകാശം**

*339 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം, പ്രളയം, കോവിഡ് എന്നിവ മൂലം ദുരിതമനുഭവിച്ചവർക്ക് സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പയുടെ കുടിശിക അടയ്ക്കാൻ സാവകാശം നൽകുകയോ കുടിശികയായ വായ്പ സഹകാരികൾക്ക് പുതുക്കി നൽകുകയോ ചെയ്തിട്ടുണ്ടോ; ജപ്തി നടപടികളിൽ നിന്നും സാവകാശം നല്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കിടപ്പാടം മാത്രമുള്ള വ്യക്തികളുടെ വീടുകൾ ജപ്തി ചെയ്യാതെ പരമാവധി സാവകാശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

**സ്മാർട്ട് മീറ്റർ പദ്ധതി**

*340 **ശ്രീമതി കാനത്തിൽ ജമീല**
**ഡോ.കെ.ടി.ജലീൽ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിർദേശാനുസരണം സ്മാർട്ട് മീറ്റർ സ്ഥാപിക്കേണ്ടതായി വരുന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബി. അത് നേരിട്ട് ചെയ്യണമെന്ന ആവശ്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) വളരെ കുറഞ്ഞ ചെലവിൽ കെ.എസ്.ഇ.ബി. യ്ക്ക് സ്മാർട്ട് മീറ്ററുകൾ നേരിട്ട് സ്ഥാപിക്കാനുള്ള സാങ്കേതികവിദ്യ ലഭ്യമാണോ; സ്വകാര്യ സംരംഭകർക്ക് പ്രസ്തുത പദ്ധതി നൽകാനായി ടെൻഡർ ക്ഷണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സ്മാർട്ട് മീറ്റർ സ്ഥാപിക്കലും പരിപാലനവും ബില്ലിംഗും പുറം കരാർ നൽകുന്ന ടോട്ടെക്സ് രീതി ബോർഡിനും ഉപഭോക്താക്കൾക്കും ഗുണകരമല്ലെന്ന ആശങ്ക ഉയർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വിലയിരുത്തിയിട്ടുണ്ടോയെന്നും ഇക്കാര്യം പുന:പരിശോധിക്കാൻ തയ്യാറാകുമോയെന്നും വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി.യുടെ വാണിജ്യ നഷ്ടം രണ്ട് ശതമാനത്തിൽ താഴെയാണെന്നത് വസ്തുതയാണോ; എങ്കിൽ വൻ ചെലവ് വരുന്ന ഈ പദ്ധതിയുടെ സാമ്പത്തിക നേട്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

**സംസ്ഥാനത്തിന്റെ ധന സ്ഥിതി**

*341 **ശ്രീ. മാണി. സി. കാപ്പൻ**

**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധന അസന്തുലിതാവസ്ഥ നിലനിൽക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) വരും വർഷങ്ങളിൽ സംസ്ഥാനത്തിനുള്ള കേന്ദ്ര ധന കൈമാറ്റത്തിൽ വരുന്ന മാറ്റം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന് കേന്ദ്ര നികുതി വിഹിതം നല്കുന്നതിൽ വിവേചനം സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഇത് മറികടക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനങ്ങളുമായി നികുതി പങ്കുവയ്ക്കുന്ന മാനദണ്ഡങ്ങളിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും വ്യത്യാസം വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) ജി.എസ്.ടി. നഷ്ടപരിഹാരം കിട്ടുന്നതിനുവേണ്ടി സംസ്ഥാനം ഓഡിറ്റ് റിപ്പോർട്ട് കണക്കുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

## കാര്യക്ഷമമായ സാമ്പത്തിക ഇടപെടലുകൾ

*342 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നയങ്ങൾ കാരണവും കേന്ദ്ര സർക്കാർ ഫലപ്രദമായ ഇടപെടൽ നടത്താത്തതുകൊണ്ടും രാജ്യത്തെമ്പാടും അനിയന്ത്രിത വിലക്കയറ്റം ഉണ്ടാകുമ്പോൾ ഉപഭോക്തൃ പ്രധാന സംസ്ഥാനമായിട്ടും സംസ്ഥാനത്ത് വിലക്കയറ്റ തോത് ദേശീയ ശരാശരിയേക്കാൾ കുറച്ച് നിർത്താനായിട്ടുണ്ടോ; ഇതിനായി ധനകാര്യ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ജനങ്ങളുടെ ഉയർന്ന വാങ്ങൽശേഷി കൂടി കണക്കിലെടുത്ത് വിപണി ഇടപെടൽ ശാക്തീകരിക്കുന്നതിന് പ്രാധാന്യം നൽകുന്നുണ്ടോ;

(സി) സർക്കാരിന്റെ കാര്യക്ഷമമായ സാമ്പത്തിക ഇടപെടലുകളുടെ ഫലമായി വിവിധ മേഖലകളിൽ തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയിലും ഗണ്യമായി കുറയ്ക്കാനായിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

## സംയോജിത ചരക്ക് സേവന നികുതി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കാനുള്ള തുക

*343 **ശ്രീമതി.ഉമ തോമസ്**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ചരക്ക് സേവന നികുതി പരിഷ്കരിയ്ക്കാത്തത് കാരണം സംസ്ഥാന സർക്കാരിന് കോടിക്കണക്കിന് രൂപ പ്രതിവർഷം നഷ്ടപ്പെടുന്നുവെന്ന് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിൽ വെളിപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) സംയോജിത ചരക്ക് സേവന നികുതി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

**<u>സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതത്തിലെ കുറവ്</u>**

*344 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഡിവിസിബിൾ പൂളിൽ നിന്നും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട നികുതി വിഹിതം കുറച്ചതും റവന്യൂ കമ്മി ഗ്രാന്റും ജി.എസ്.ടി. നഷ്ടപരിഹാരവും നിർത്തലാക്കിയതുമാണ് സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതത്തിൽ കുറവിന് കാരണമായിട്ടുള്ളതെന്നത് വസ്തുതയാണോ; എങ്കിൽ ഇക്കാര്യം മറയ്ക്കാനായി ജി.എസ്.ടി. നഷ്ടപരിഹാര കുടിശിക ലഭിക്കുന്നതിലെ കാലതാമസം മാത്രമാണ് പ്രശ്നമെന്ന രീതിയിൽ ചില കേന്ദ്രങ്ങൾ തെറ്റായ പ്രചാരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച യഥാർത്ഥ വസ്തുത വിശദമാക്കാമോ;

(ബി) പെട്രോൾ, ഡീസൽ എന്നിവയിന്മേൽ കേന്ദ്ര സർക്കാർ ചുമത്തുന്ന സെസ്സ് എത്ര വീതമെന്ന് അറിയിക്കാമോ; ഈ ഇനത്തിൽ സംസ്ഥാനത്ത് നിന്ന് എത്ര തുക കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ സമാഹരിച്ചുവെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് 2015 ഏപ്രിൽ മുതൽ പെട്രോൾ,ഡീസൽ എന്നിവയിന്മേൽ പ്രതിലിറ്ററിന് ഓരോ രൂപ വീതം അധിക നികുതി ചുമത്തി വരുന്നുണ്ടോ;

(ഡി) സാമ്പത്തിക ഞെരുക്കവും ചില കേന്ദ്രങ്ങളിൽ നിന്നുള്ള പ്രതിഷേധവും ക്ഷേമ പദ്ധതികൾക്കെതിരെയുള്ള പ്രസ്താവനയും മറികടന്നുകൊണ്ട് ക്ഷേമ നടപടികൾ കാര്യക്ഷമമായി പ്രാവർത്തികമാക്കാൻ കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>കേന്ദ്ര സർക്കാർ സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധികൾക്കെതിരെയുള്ള ബദൽ നയങ്ങൾ</u>**

*345 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ വി ജോയി**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധികളെയും പ്രതിബന്ധങ്ങളെയും അഭിമുഖീകരിച്ചുകൊണ്ട് കേരളത്തിന്റെ ക്ഷേമ, വികസന ബദൽ നയങ്ങളുമായി മുന്നോട്ടുപോകുന്നതിന് സംസ്ഥാനത്തിന്റെ ധനകാര്യ-വികസന-ആസൂത്രണ സമീപനത്തിൽ എന്തെല്ലാം കാതലായ മാറ്റങ്ങൾ കൊണ്ടുവരാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നികുതി, നികുതിയിതര വരുമാനം സമാഹരിക്കുന്നതിൽ സംസ്ഥാനത്തിന്റെ അധികാരം പരിമിതമായിരിക്കുന്നതുമൂലമുള്ള പ്രശ്നം മറികടക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് സംസ്ഥാനങ്ങൾക്ക് ഉണ്ടായിട്ടുള്ള വരുമാന നഷ്ടം നികത്തുന്നതിനുള്ള ജി.എസ്.ടി. നഷ്ടപരിഹാര കാലയളവ് നീട്ടണമെന്ന ആവശ്യം ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഉന്നയിച്ചിരുന്നോ; ആയതിനോട് കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

## കശുവണ്ടി വ്യവസായ പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതി

*346 **ശ്രീ എം നൗഷാദ്**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നുവോ; പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കശുവണ്ടി വ്യവസായ പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സ്വകാര്യ മേഖലയിലെ ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി തുക അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ജി.എസ്.ടി. നഷ്ടപരിഹാരക്കാലയളവ് നീട്ടണമെന്ന ആവശ്യം

*347 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. പി.വി.അൻവർ**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പാക്കിയതിലൂടെ സംസ്ഥാനങ്ങൾക്ക് ഉണ്ടായിട്ടുള്ള വരുമാന നഷ്ടം നികത്തുന്നതിനായി നഷ്ടപരിഹാര കാലയളവ് നീട്ടുന്നതിന് ജി.എസ്.ടി. കൗൺസിലിൽ ഏതൊക്കെ സംസ്ഥാനങ്ങൾ ആവശ്യം ഉന്നയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; കേന്ദ്ര സർക്കാരിന്റെ അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ജി.എസ്.ടി. നഷ്ടപരിഹാരം ലഭിക്കുന്നില്ലെന്ന് സംസ്ഥാനത്തിന് ആക്ഷേപം

ഉള്ളതായി സംസ്ഥാനത്ത് നിന്നുള്ള അംഗം പാർലമെന്റിൽ ഉന്നയിച്ചിട്ടുള്ളതും ആയതിന് കേന്ദ്ര ധനകാര്യ മന്ത്രി നൽകിയിട്ടുള്ള മറുപടിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## സഹകരണ മേഖലയിലെ കേന്ദ്ര സർക്കാർ സഹകരണ സ്ഥാപനങ്ങൾ

*348 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഏതെങ്കിലും സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ശ്രമങ്ങൾ നടക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; ഇത് സംബന്ധിച്ച ഏതെങ്കിലും അറിയിപ്പ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ ഇത് സംസ്ഥാനത്ത് നടപ്പാക്കുന്നത് ഏതെല്ലാം ഏജൻസികൾ മുഖേനയാണെന്ന വിവരം ലഭിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ സഹകരണ മേഖലയെ സംബന്ധിച്ച എന്തൊക്കെ വിവരങ്ങളാണ് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നതെന്ന് അറിയിക്കാമോ; ഇത് സംബന്ധിച്ച എന്തെങ്കിലും അറിയിപ്പ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഡി) സഹകരണ സംഘങ്ങൾക്കായി കേന്ദ്ര തലത്തിൽ ഏകീകൃത സോഫ്റ്റ്‌വെയർ ഉപയോഗിക്കണമെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിലൂടെ സംസ്ഥാനത്തെ സഹകാരികളുടെ വ്യക്തി വിവരങ്ങൾ കൈമാറുന്നത് മുഖേന സഹകരണ മേഖലയിലുണ്ടാകാവുന്ന പ്രശ്നങ്ങളെക്കുറിച്ച് വിശദമാക്കാമോ?

## ഐ.ജി.എസ്.ടി. ഇനത്തിൽ ഉണ്ടായ നഷ്ടം

*349 **ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഐ.ജി.എസ്.ടി. ഇനത്തിൽ ഇരുപത്തി അയ്യായിരം കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഐ.ജി.എസ്.ടി. റിട്ടേണുകൾ ഫയൽ ചെയ്യുന്നതിൽ പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇക്കാര്യം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി**</u>

*350 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ കണക്കെടുപ്പിനായി പ്രത്യേക സംഘങ്ങളെ ചുമതലപ്പെടുത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി സംരംഭം ആരംഭിക്കാൻ സർക്കാരിന് ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ കണക്കെടുപ്പ് നടത്തുന്നതിന് പകരം പ്രത്യേക സംഘങ്ങളെ ചുമതലപ്പെടുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് വ്യവസായം ആരംഭിക്കാൻ കെ-സ്വിഫ്റ്റ് അടക്കമുള്ള സംവിധാനങ്ങൾ ഉണ്ടെന്നിരിക്കെ പ്രത്യേകമായി ഒരു പോർട്ടൽ ആരംഭിച്ചുകൊണ്ട് വിവരശേഖരണം നടത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ?

<u>**സഹകരണ സംരംഭകത്വ പദ്ധതി**</u>

*351 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനം ത്വരിതപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മൂന്നാം നൂറുദിന പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഒരു ജില്ലയ്ക്ക് ഒരു വിള പദ്ധതി ആവിഷ്കരിച്ച് തരിശുഭൂമി മാതൃക കൃഷിത്തോട്ടങ്ങളാക്കാൻ സഹകരണ വകുപ്പിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഓരോ ജില്ലയിലും അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ സംരംഭകത്വ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>**പൊതുമേഖല ബാങ്കുകളുടെ സമീപനം മെച്ചപ്പെടുത്താനുള്ള നടപടികൾ**</u>

*352 **ശ്രീ. കെ.പി.മോഹനൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ കോവൂർ കുഞ്ഞുമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ ബാങ്കുകളിൽ ലോണുകൾ അനുവദിക്കുന്നതിലും സെറ്റിൽ ചെയ്യുന്നതിലും ഉണ്ടാകുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) നോട്ട് നിരോധനം, പ്രളയം, കോവിഡ് എന്നിവ മൂലം ഉണ്ടായിട്ടുള്ള സാഹചര്യം പരിഗണിക്കാതെ സർഫാസി ആക്ട് പ്രകാരമുള്ള നടപടികളും സിബിൽ സ്കോർ കുറയ്ക്കുന്നതുൾപ്പടെയുള്ള നടപടികളും സാധാരണക്കാർക്കെതിരെ പ്രയോഗിക്കുന്നത് മൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ബാങ്കുകൾ ലോണുകൾ നൽകാൻ സമ്മതിച്ചാലും നിയമോപദേശത്തിന്റെ പേര് പറഞ്ഞ് സാധാരണക്കാർക്ക് ലോണുകൾ നിഷേധിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയെ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## <u>വൈദ്യുതി ക്ഷാമം ഉണ്ടാകാതിരിക്കാൻ നടപടി</u>

*353 **ശ്രീ. പി.വി.അൻവർ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വൈദ്യുതി നിയമ പ്രകാരം കേന്ദ്ര സർക്കാർ ഏതെങ്കിലും പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ ആവശ്യകതയുടെ എഴുപത് ശതമാനം വൈദ്യുതിയും ഇറക്കുമതി ചെയ്യുന്നതാണെന്നതിനാൽ വൈദ്യുതി ക്ഷാമം ഉണ്ടാകാതിരിക്കാൻ എന്തെല്ലാം ഇടപെടൽ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് വൈദ്യുതിയുടെ ദുരുപയോഗം ഒഴിവാക്കി ഉപയോഗ നിയന്ത്രണത്തിന് ഉദ്ദേശമുണ്ടോ; സംസ്ഥാനത്ത് വൈദ്യുതിയുടെ വിതരണ നഷ്ടം ഗണ്യമായി കുറയ്ക്കാനായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## <u>ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ വിവരശേഖരണം</u>

*354 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ ഭാഗമായി ചേർക്കപ്പെട്ട ഓരോ സംരംഭവും നിലവിൽ പ്രവർത്തിക്കുന്നതാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംരംഭകരെയോ സംരംഭം തുടങ്ങാൻ

താൽപര്യമുള്ളവരെയോ നേരിട്ട് സമീപിക്കാതെ നടത്തിയ വിവരശേഖരണം സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ആധികാരികത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചേർക്കപ്പെട്ടതും നിലവിൽ പ്രവർത്തിക്കുന്നതും എന്നാൽ സർക്കാർ സഹായം ലഭ്യമാക്കാത്തതുമായ സംരംഭങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**<u>കെ.എസ്.ഇ.ബി.യുടെ പ്രവർത്തന ലാഭം</u>**

*355 **ഡോ. എം.കെ . മുനീർ**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ ഓഡിറ്റ് പ്രകാരം കെ.എസ്.ഇ.ബി. ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; വിശദമാക്കുമോ;

(ബി) ലാഭത്തിലായിട്ടും നാല് വർഷം തുടർച്ചയായി വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കണമെന്ന ആവശ്യം റെഗുലേറ്ററി കമ്മീഷന് മുമ്പിൽ സമർപ്പിച്ചിരുന്നോ; ഓരോ വർഷവും വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ച തുക എത്ര ശതമാനമാണെന്ന് അറിയിക്കുമോ;

(സി) ഇങ്ങനെ ആവശ്യപ്പെടേണ്ട സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; നിരക്ക് വർദ്ധനവിൽ നിന്നും പിൻമാറാൻ ആവശ്യമായ നിർദേശം നൽകുമോ എന്ന് അറിയിക്കുമോ?

**<u>സംസ്ഥാനത്തിന് അർഹമായ ഐ.ജി.എസ്.ടി. വിഹിതം</u>**

*356 **ശ്രീ എം വിൻസെൻറ്**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിച്ച ഐ.ജി.എസ്.ടി. വിഹിതം കേന്ദ്ര ഐ.ജി.എസ്.ടി. പൂളിൽ നിന്നും ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ സംയോജിത ചരക്ക് സേവന നികുതിയുടെ പരിഷ്കാരങ്ങൾ യഥാസമയം നടപ്പിലാക്കാൻ സാധിക്കാത്തതും അന്തർ സംസ്ഥാന ചരക്ക് ഇടപാടുകളിൽ റിട്ടേണുകൾ കർക്കശമാക്കാത്തതുമാണ് ആയതിന്റെ പ്രധാന കാരണം എന്നത് വസ്തുതയാണോ;

(സി) സംസ്ഥാനത്തിന് അർഹമായ സംയോജിത ചരക്ക് സേവന നികുതിയുടെ വിഹിതം കേന്ദ്ര ഐ.ജി.എസ്.ടി. പൂളിൽ നിന്നും നേടിയെടുക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

**<u>പ്രതിസന്ധിയിലാകുന്ന സഹകരണ സ്ഥാപനങ്ങളെ സഹായിക്കാൻ പദ്ധതി</u>**

*357 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും സഹകരണ ബാങ്ക് പ്രതിസന്ധി നേരിടുന്ന ഘട്ടത്തിൽ അത് തരണം ചെയ്യുന്നതിനായി ശക്തമായ ഇടപെടൽ നടത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രതിസന്ധിയിലാകുന്ന സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനും സർക്കാർ ഇടപെടലിലൂടെ മികവുറ്റതാക്കി മാറ്റുന്നതിനും സഞ്ചിത നിധി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) സഹകരണ മേഖലയിലെ നിക്ഷേപവും നിക്ഷേപകരുടെയും സഹകാരികളുടെയും താല്പര്യങ്ങളും സംരക്ഷിക്കുന്നതിന് നിലവിലുള്ള ഡെപ്പോസിറ്റ് ഗ്യാരന്റി ബോർഡിന്റെ വ്യവസ്ഥകളിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഇതിനായി സഹകരണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കേന്ദ്ര വൈദ്യുതി ചട്ടം ഭേദഗതി

*358 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ വി ശശി**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാസം തോറും വൈദ്യുതി നിരക്ക് കൂട്ടാൻ വിതരണ കമ്പനികൾക്ക് അനുമതി നൽകുന്ന കേന്ദ്ര സർക്കാരിന്റെ വൈദ്യുതി ചട്ടം ഭേദഗതി സംസ്ഥാനങ്ങളുടെ അധികാരത്തിലുള്ള കൈകടത്തലാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഭേദഗതിയുടെ പശ്ചാത്തലത്തിൽ ആഭ്യന്തര വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വൈദ്യുതി വിലയിലെ ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനായി പുതിയ സാങ്കേതികവിദ്യകൾ, ഹൈഡ്രജൻ ഉല്പാദനം മുതലായവയ്ക്കുള്ള സാധ്യതാ പഠനങ്ങൾ ഊർജിതമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) വൈദ്യുതി വിപണിയിലെ ഏറ്റക്കുറച്ചിലുകൾ യഥാസമയം വിലയിരുത്തി വൈദ്യുതി കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്ന കരാറുകളിൽ ഏർപ്പെടുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്താൻ നടപടി

*359 **ശ്രീ പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**

**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നിലവിലുള്ള ഓവർഹെഡ് ലൈനുകൾ മാറ്റി ഭൂഗർഭ ലൈനുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## സഹകരണ സംഘങ്ങളുടെ സംരംഭകത്വത്തിന് അപെക്സ് കൗൺസിൽ

*360 **ശ്രീ ഒ . ആർ. കേളു**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ ഡി കെ മുരളി**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് കൃഷി വകുപ്പുമായി സഹകരിച്ച് കാർഷികാഭിവൃദ്ധിക്കുള്ള പദ്ധതികളും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ സംരംഭങ്ങളും പ്രാവർത്തികമാക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ;

(ബി) കാർഷിക അടിസ്ഥാന സൗകര്യ നിധി പദ്ധതിയിൽ വിവിധ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന ആയിരത്തി മുന്നൂറ് സംരംഭങ്ങൾ തുടങ്ങുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; സംരംഭങ്ങളുടെ വിശദ പദ്ധതിരേഖ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അതിജീവന സാധ്യത മനസ്സിലാക്കി ഏറ്റെടുക്കാവുന്ന സംരംഭങ്ങൾ സംബന്ധിച്ച് നിർദേശം നൽകുന്നതിനും സംഘങ്ങളെ സംരംഭകത്വത്തിന് പ്രേരിപ്പിക്കുന്നതിനും അപെക്സ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,

അംഗീകരിച്ച തീയതി: 2023 ഫെബ്രുവരി 25, ശനി
എ എം ബഷീർ ,
സെക്രട്ടറി

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].